**'ജലം ജീവാമൃതം'**

## ജല അതോറിറ്റി മാനേജിങ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:-വാട്ടർ കണക്ഷനുകളിലെ ഉടമസ്ഥാവകാശം മാറ്റുന്ന നടപടിക്രമങ്ങൾ ലഘൂകരിക്കുന്നത് - സംബന്ധിച്ച്

---

# കേരള വാട്ടർ അതോറിറ്റി

നമ്പർ : കെ ഡബ്ല്യു എ/HO/RMC/R1/1060/2020 തീയതി, തിരുവനന്തപുരം, 25.08.2021

സൂചന:-23/ 07 / 2021 ൽ കൂടിയ 420 താമത് ബോർഡ് മീറ്റിംഗ് - റസല്യൂഷൻ നമ്പർ -11149

## ഉത്തരവ്

വാട്ടർ കണക്ഷനുകളിലെ ഉടമസ്ഥാവകാശം മാറ്റുന്നത് സംബന്ധിച്ച് നിരവധി പരാതികളാണ് ഈ കാര്യാലയത്തിലും മറ്റു കാര്യാലയങ്ങളിലും ലഭിച്ചുകൊണ്ടിരിക്കുന്നത്. നിലവിൽ പല ഓഫീസുകളിലും പലതരത്തിലുള്ള രേഖകളാണ് ഉടമസ്ഥാവകാശം മാറ്റുന്നതിന് ആവശ്യപ്പെടുന്നത്. ഇതുമൂലം ഉപഭോക്താ ക്കൾക്ക് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നതായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശം മാറ്റുന്ന നടപടികൾ ലഘൂകരിക്കുന്നതിന് വേണ്ടി ഒരു പ്രൊപ്പോസൽ 23/07/2021-ൽ കൂടിയ 420 -താമത് ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയുണ്ടായി. ബോർഡ് ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന രേഖകൾ വാങ്ങി ഉടമസ്ഥാവകാശം മാറ്റി നൽകേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തു.

1. അപേക്ഷ ഫോം ( Form No.1)
2. സ്ഥലം കൈമാറ്റം ചെയ്ത കേസുകളിൽ ഉടമസ്ഥാവകാശസർട്ടിഫിക്കറ്റ്
3. ഉപഭോക്താവ് മരണപ്പെട്ടകേസുകളിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ്
4. ഉടമസ്ഥാവകാശം ആരുടെ പേരിൽ മാറുന്നുവോ ആ വ്യക്തിയുടെ ആധാർ കാർഡിന്പകർപ്പ്
5. ഫോൺ നമ്പർ

Draft #3 of File KWA/HO/RMC/R1/1060/2020 Approved by Managing Director on 25-Aug-2021 06:31 PM - Page 1

നിലവിലുള്ള ആപ്ലിക്കേഷൻ ഫീസായ 15 രൂപ കൂടാതെ 100 രൂപ പ്രോസസിങ് ചാർജ് ഇനത്തിൽ വാങ്ങേണ്ടതാണ്. മാത്രമല്ല വാട്ടർചാർജ് കുടിശിക ഉണ്ടെങ്കിൽ അത് തീർക്കേണ്ടതും മീറ്റർ പ്രവർത്തനരഹിതമാണെങ്കിൽ പുതിയ മീറ്റർ മാറ്റി സ്ഥാപിക്കേണ്ടതുമാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ചീഫ് എൻജിനീയർമാർക്കും

എല്ലാ സൂപ്രണ്ടിങ് എൻജിനീയർമാർക്കും

എല്ലാ എക്സിക്യൂട്ടിവ് എൻജിനീയർമാർക്കും

ഉത്തരവിന്റെ പകർപ്പ്

എല്ലാ അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എൻജിനീയർമാർക്കും

PA TO MD , PA TO AM , PA TO TM , CE (OPERATIONS), FM & CAO, DBA , PIO , SF

Draft #3 of File KWA/HO/RMC/R1/1060/2020 Approved by Managing Director on 25-Aug-2021 06:31 PM - Page 2

The document is digitally approved. Hence signature is not needed.